CDC
KERALA

Child Development Centre

Clinical Services
Research
Training
Community Extension Services

# ഏർളി സ്റ്റിമുലേഷൻ പ്രോഗ്രാം

## ബുദ്ധിവികാസ പ്രചോദനം – മൂന്നാം മാസം

## (Early Stimulation Programme)

Programme for Low Birth Weight Babies







(3 month)

"Reduction of Childhood Disability"

Child Development Centre

*തയ്യാറാക്കിയത് :-*

Dr. എം.കെ.സി. നായർ
Dr. ബാബു ജോർജ്
Ms. സുനിത ആർ.എം.

**Child Development Centre**
Medical College, Thiruvananthapuram-11
Ph: 0471-2553540, 0471-2447061
Email: cdckerala@rediffmail.com
Web: www.cdckerala.org

## ബുദ്ധിവികാസം

- കണ്ണിനു മുകളിൽ കാണിക്കുന്ന കളിപ്പാട്ടത്തെ ഒരു വശത്തുനിന്നും മറുവശംവരെ പിൻതുടരുന്നു.
- ശബ്ദം കേൾക്കുന്ന ഭാഗത്തേക്ക് തലതിരിക്കുന്നു.
- സ്വന്തം കൈനോക്കി രസിക്കുന്നു.
- കമഴ്ത്തി കിടത്തുമ്പോൾ കൈ മുട്ടുകൾ താങ്ങി തലയും നെഞ്ചും പൊക്കിപ്പിടിക്കാൻ ശ്രമിക്കുന്നു.

### *കാഴ്ചശക്തിക്കുള്ള പ്രചോദനം*

- കുഞ്ഞ് ഏതെങ്കിലും വസ്തുവിൽ (കളിപ്പാട്ടത്തിൽ) ദൃഷ്ടി പതിപ്പിച്ചു നോക്കുന്നുവെങ്കിൽ അത് സാവധാനം നീക്കുക.
- തൊട്ടിലിനു മുകളിൽ ആകർഷകമായ വസ്തുക്കൾ തൂക്കിയിടുക. അത് സാവധാനം ചലിപ്പിക്കുക.
- നിറമുള്ള വള അണിയിക്കുക. വിരലുകളിൽ നിറമുള്ള തുണി കെട്ടുക.

### *കേൾവിശക്തിക്കുള്ള പ്രചോദനം*

- കുഞ്ഞ് പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ പരമാവധി തിരിച്ചു പറയുക.
  (ബാബാ....... ഇ....ഇ.... പാ.........പാ............)
- പാട്ടും സംഗീതവും ധാരാളം കേൾപ്പിക്കുക.
- പല തരത്തിൽ ശബ്ദ വ്യതിയാനങ്ങളുള്ള കളിപ്പാട്ടത്തിന്റെ ശബ്ദങ്ങൾ കുഞ്ഞിനെ കേൾപ്പിക്കുക.
- പലതരം ശബ്ദങ്ങൾ (കിലുക്ക്, പാവ, ഡ്രം, തുടങ്ങിയവ) ഇരുവശത്തുനിന്നും കേൾപ്പിക്കുക.

### *സ്പർശം*

- കൈയ്യിൽ കിട്ടുന്നതെല്ലാം വായിൽ വയ്ക്കുവാനുള്ള പ്രവണത ഉണ്ടാകുന്നു. തടയേണ്ട ആവശ്യമില്ല.
- കാഠിന്യമുള്ളതും മാർദ്ദവമേറിയതുമായ പ്രതലങ്ങൾ പരിചയപ്പെടുത്തുക.

### *ചലന സംബന്ധമായ പ്രചോദനം*

- കുഞ്ഞിനെ കമഴ്ത്തി കിടത്തുക. കഴുത്ത് ഒട്ടും പൊങ്ങുന്നില്ലെങ്കിൽ ഒരു ചെറിയ ഉരുളൻ തലയണ നെഞ്ചിനു താഴെ വച്ച് താങ്ങു കൊടുക്കുക. മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും കളിപ്പാട്ടം ചലിപ്പിക്കുക.
- കളിപ്പാട്ടങ്ങൾ ഇരുകൈകളിലും പിടിപ്പിക്കുക.

### *കമഴ്ന്നു വീഴാൻ പ്രേരിപ്പിക്കുക.*

- ചരിച്ചു കിടത്തി മറുവശത്ത് തലയണ വച്ച് കമഴ്ന്നു വീഴാൻ പ്രേരിപ്പിക്കുക.
- കുഞ്ഞിനെ മലർത്തി കിടത്തി ഒരു കാൽ മറുവശത്തേക്ക് കൊണ്ടുവന്ന് കമഴ്ത്തുക. (തെറാപ്പിസ്റ്റിന്റെ നിർദ്ദേശ പ്രകാരം)
- കമഴ്ന്നു കിടക്കുന്ന കുഞ്ഞിനെ ഇരുവശത്തേക്കും നോക്കാൻ പ്രേരിപ്പിക്കുക.
- ആവശ്യമെങ്കിൽ കഴുത്തിന് താങ്ങ് കൊടുത്ത് നിവർത്തി എടുത്തുകൊണ്ട് നടക്കുക.

